7. ശ്രീമതി എം.എ റജീനാ ബീഗം - ഹാൻഡ്ബോൾ

8. ശ്രീമതി സീനാ സി.വി. - ഫുട്ബോൾ

(ബി) നിയമനത്തിനായി അപേക്ഷ ക്ഷണിച്ചുകൊണ്ട് 25.11.98-ൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ഉൾപ്പെടുത്താത്ത ചില ഇനങ്ങൾ കൂടി ഉൾപ്പെടുത്തുവാനും ആ ഇനത്തിൽപ്പെടുന്നവരുടെ അപേക്ഷകളും കൂടി പരിഗണിക്കുവാനും വേണ്ടി ചിലർ കേസുകൾ ഫയൽ ചെയ്തു . ചിലതിൽ അവരുടെ കാര്യം പരിഗണിക്കുന്നത് സംബന്ധിച്ച് കോടതി ഇടക്കാല ഉത്തരവുകൾ നല്കുകയും ഒരെണ്ണത്തിൽ അന്തിമ ഉത്തരവും പുറപ്പെടുവിക്കുകയുണ്ടായി . ഈ ഉത്തരവ് ഭേദഗതി ചെയ്തു കിട്ടുവാൻ സർക്കാർ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. അതിന്മേലും കോടതിയിൽ നിന്നും ഇപ്പോൾ ഉത്തരവ് ഉണ്ടായിട്ടുണ്ട്. ഇതെല്ലാം പരിശോധിച്ചശേഷം നിയമനം നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

(സി) 1. 4-ാമത് നാഷണൽ ഗെയിംസ് മെഡൽ ജേതാക്കളായ 147 പേർക്ക് 1997-98 വർഷത്തിൽ ക്യാഷ് അവാർഡ് വിതരണം ചെയ്തിട്ടുണ്ട്.

2. 1997-98 വർഷത്തെ നാഷണൽ മെഡൽ ജേതാക്കളായ 282 കായിക താരങ്ങൾക്ക് 1999-2000 ൽ ക്യാഷ് അവാർഡ് വിതരണം ചെയ്തു.

3. അഞ്ചാമത് നാഷണൽ ഗെയിംസ് ജേതാക്കളായ 160 പേർക്ക് 99-2000 ൽ ക്യാഷ് അവാർഡ് വിതരണം ചെയ്തു.

1997-98 ലെ ലിസ്റ്റ് വിട്ടുപോയ ചില മത്സര ജേതാക്കൾക്കും 98-99, 99-2000 വർഷങ്ങളിലെ ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിലെ ജേതാക്കൾക്കുമുള്ള ക്യാഷ് അവാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ക്യാഷ് അവാർഡു നല്കുന്നതിനു വേണ്ട തുക അനുവദിച്ചുനല്കണമെന്ന് കേരള സ്പോർട് സ് കൗൺസിൽ സെക്രട്ടറി സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുക്കുമ്പോൾ അധിക തുക അനുവദിക്കാൻ ഇപ്പോൾ നിർവ്വാഹമില്ല.

171(199) സ്പോർട്സ്നയം

ശ്രീ.ഇ.എം.അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാന സ്പോർട്സ് കൗൺസിൽ രൂപീകരിക്കുന്നതിന് സംസ്ഥാനനിയമനിർമ്മാണം നടത്തിയിട്ടുണ്ടോ;

(ബി) കൗൺസിലിൽ ഗവൺമെന്റ് പ്രതിനിധികളായി ആരെല്ലാമുണ്ട്;

(സി) ഗവൺമെന്റ് പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഡി) ഗവൺമെന്റ് പ്രതിനിധികൾ സ്ഥിരമായി യോഗങ്ങളിൽ പങ്കെടുക്കാറുണ്ടോ; എങ്കിൽ ഇവർ പങ്കെടുക്കാതിരുന്നാൽ ഈ ഉദ്ദേശലക്ഷ്യങ്ങൾ പാലിക്കപ്പെടുമോ;

(ഇ) സ്ഥിരമായി കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ജി) കഴിഞ്ഞ അഞ്ചു വർഷം സ്പോർട്സ് കൗൺസിൽ എടുത്തിട്ടുള്ള തീരുമാനങ്ങളിൽ എന്തെങ്കിലും അപാകത ചൂണ്ടിക്കാണിച്ച് ഏതെങ്കിലും പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇതേക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്. 15.6.1974 -ലെ ജി.ഒ.(പി) നം 148/74/പി.ഡി. പ്രകാരമുള്ള ഉത്തരവനുസരിച്ചാണ് കേരള സ്പോർട്സ് കൗൺസിൽ പ്രവർത്തിക്കുന്നത്.

(ബി) കൗൺസിലിൽ ഗവൺമെന്റ് പ്രതിനിധികളായി താഴെപ്പറയുന്നവരെ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

1. ഗവൺമെന്റ് സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്.
2. ഗവൺമെന്റ് സെക്രട്ടറി, ധനകാര്യ(എക്സ്പെന്റിച്ചർ) വകുപ്പ്.
3. പോലീസ് ഡയറക്ടർ ജനറൽ.
4. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.
5. ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻസ്.

(സി) സ്പോർട്സ് കൗൺസിലിന്റെ ഭരണപരമായ കാര്യങ്ങൾ സുഗമമായും നിയമാനുസൃതവുമായി നടത്തുന്നതിലേയ്ക്കായിട്ടാണ് ഗവൺമെന്റ് പ്രതിനിധികളെ ഉൾപ്പെടുത്തുന്നത്.

(ഡി) ഗവൺമെന്റ് പ്രതിനിധികൾ ചില യോഗങ്ങളിൽ പങ്കെടുക്കാറില്ല.

(ഇ,എഫ്)കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കണമെന്ന് നിർദ്ദേശം നിലവിലുണ്ട്.

(ജി,എച്ച്) ഉണ്ട്. കോച്ചുകളുടെ സെലക്ഷനിൽ അപാകതയുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ശ്രീ.ജെ.സി.മധുകുമാർ, പട്ടികജാതി- പട്ടികവർഗ്ഗ ക്ഷേമ സമിതിക്ക് പരാതി നല്കിയിരുന്നു. ഇത് ഗവൺമെന്റ് തലത്തിൽ പരിശോധിച്ചു.18.12.99 ലെ സ്പോർട്സ് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നീന്തൽ താരം ശ്രീ ജെ. സി.മധുകുമാറിനെ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് സ്പോർട്സ്കൗൺസിൽ നിയമിച്ചിട്ടുണ്ട്.

172(200) സംസ്ഥാന സ്പോർട്സ് കൗൺസിൽ

ശ്രീ.കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന് ഗവൺമെന്റിൽ നിന്നും നല്കുന്ന ധനസഹായത്തിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) സ്പോർട്സ്കൗൺസിലിന്റെ പ്രവർത്തനം സംബന്ധിച്ച ചട്ടങ്ങളുടെയും റഗുലേഷനുകളുടെയും ഭേദഗതി ഉൾക്കൊള്ളുന്ന കോപ്പി ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly